**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ കരാർ 01/07/2026 മുതൽ ആറ് മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.100/2026/LSGD തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:-
1. 29/06/2024-ലെ സ.ഉ.(കൈ)നം.80/2024/LSGD
2. 02/03/2026-ലെ സ.ഉ.(കൈ)നം.67/2026/LSGD
3. 11/05/2026-ലെ S.O. 2382 (E), S.O. 2383 (E) നം. വിജ്ഞാപനം.
4. മിഷൻ ഡയറക്ടറുടെ 23/05/2026-ലെ 372/2022-D1 നം. കത്ത്.
5. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ കേരള സ്റ്റേറ്റ് MGNREGS സ്റ്റാഫ് യൂണിയൻ 02/06/2026-ന് സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

20/12/2025-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം പാർലമെന്റ് നിലവിലുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പിൻവലിച്ച്, അതിന് പകരം 'വികസിത് ഭാരത്-ഗ്യാരൻ്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ ഗ്രാമീൺ' (VB-GRAM G) എന്ന പുതിയ നിയമം പാസ്സാക്കിയിരുന്നു. തുടർന്ന് പരാമർശം (3) വിജ്ഞാപനങ്ങൾ പ്രകാരം പഴയ തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും റദ്ദാക്കാനും പുതിയ പദ്ധതി നടപ്പിലാക്കാനും കേന്ദ്ര സർക്കാർ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 2026 ജൂലൈ 1 മുതൽ പഴയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമവും അതുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പൂർണ്ണമായും അസാധുവാകുകയും, പുതിയ നിയമം പ്രാബല്യത്തിൽ വരികയും ചെയ്യും.

(2) സംസ്ഥാനം മുതൽ ഗ്രാമപഞ്ചായത്ത് വരെയുള്ള വിവിധ തലങ്ങളിൽ MGNREGS പദ്ധതി നടത്തിപ്പിനായി നിരവധി ജീവനക്കാർ നിലവിൽ കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഒരു ദിവസത്തെ ഇടവേള നൽകി രണ്ട് വർഷത്തേക്കായിരുന്നു ഇവരുടെ കരാർ പരാമർശം (1) പ്രകാരം പുതുക്കി ഉത്തരവായിരുന്നു. കൂടാതെ, 2026 മാർച്ച് 2-ലെ ഉത്തരവ് പ്രകാരം പഴയ പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് വരെ ഇവർക്ക് 10 ശതമാനം വേതന വർദ്ധനവും പരാമർശം (2) പ്രകാരം സർക്കാർ അനുവദിച്ചിരുന്നു.

(3) പുതിയ പദ്ധതി പ്രവർത്തനങ്ങൾ "നോർമേറ്റീവ് അലോക്കേഷൻ" രീതിയിലേക്ക് മാറുന്നതിനാൽ സംസ്ഥാനത്ത് വലിയ ഭരണപരമായ മാറ്റങ്ങൾ അനിവാര്യമാണെന്നും, ഇതിന്റെ ഭാഗമായി നിലവിലെ തസ്തികകൾ പുനഃക്രമീകരിക്കുകയും പുതിയ പദ്ധതിക്ക് അനുയോജ്യമായ രീതിയിൽ പുതിയൊരു സ്റ്റാഫ് പാറ്റേൺ രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും, ഈ പുനഃക്രമീകരണ പ്രക്രിയ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമാണെന്നും മിഷൻ ഡയറക്ടർ പരാമർശം (4) പ്രകാരം മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടു. ഈ മാറ്റത്തിന്റെ ഘട്ടത്തിൽ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുന്നത് വലിയ ഭരണസ്തംഭനത്തിന് വഴിവെക്കുമെന്നും, പഴയ പദ്ധതിയുടെ പ്രവൃത്തികളുടെ പൂർത്തീകരണം, ആസ്തികളുടെ ജിയോടാഗിംഗ് തുടങ്ങി നിരവധി ജോലികൾ ബാക്കിനിൽക്കുന്നതിനാൽ, ഇവ കൃത്യമായി പൂർത്തിയാക്കാൻ ഈ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണന്നും ഇതിനുപുറമെ, പുതിയ പദ്ധതിയുടെ പ്രവർത്തനങ്ങൾ യാതൊരു തടസ്സവുമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഈ മേഖലയിൽ വർഷങ്ങളുടെ പ്രവർത്തനപരിചയമുള്ള ജീവനക്കാരുടെ സേവനം ആവശ്യമാണന്നും മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(4) പഴയ പദ്ധതിയിലെ ബാക്കി ജോലികൾ തീർക്കാനും പുതിയ പദ്ധതിയിൽ ജോലി ചെയ്യാൻ താല്പര്യമുള്ളതുമായ ജീവനക്കാരിൽ നിന്നും ഒരു സന്നദ്ധതാ പത്രം (Willingness letter) വാങ്ങി, ഇവർക്ക് നിലവിലെ സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി 2026 ജൂലൈ 1 മുതൽ മൂന്ന് മാസത്തേക്കോ അല്ലെങ്കിൽ പുതിയ സ്റ്റാഫ് പാറ്റേൺ നിലവിൽ വരുന്നത് വരെയോ (ഏതാണോ ആദ്യം സംഭവിക്കുന്നത് അത് വരെ) താൽക്കാലികമായി തുടരാൻ അനുമതി നൽകണമെന്ന് മിഷൻ ഡയറക്ടർ ശിപാർശ ചെയ്തു. കരാർ ജീവനക്കാരുടെ കാലാവധി 2027 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം MGNREGS സ്റ്റാഫ് യൂണിയനും ആവശ്യപ്പെടുകയുണ്ടായി.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. MGNREGS പദ്ധതിയിലെ ബാക്കി ജോലികൾ തീർക്കാനും പുതിയ പദ്ധതിയിൽ ജോലി ചെയ്യാൻ താല്പര്യമുള്ളതുമായ ജീവനക്കാരിൽ നിന്നും ഒരു സന്നദ്ധതാ പത്രം (Willingness letter) വാങ്ങി, ഇവരുടെ കരാർ നിലവിലെ സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി 2026 ജൂലൈ 1 മുതൽ ആറ് മാസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ(ഓഡിറ്റ്, തിരുവനന്തപുരം
അക്കാണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ ജില്ലാ കലക്ടർ ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും
എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറിമാർക്കും (LSGD പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറിമാർക്കും (LSGD പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
MGNREGA ഓംബുഡ്സ്പേഴ്സൻ അപ്പലേറ്റ് അതോറിറ്റി അംഗങ്ങൾക്ക്
എല്ലാ ജില്ലകളിലെയും MGNREGA ഓംബുഡ്സ്പേഴ്സൻമാർക്ക്
വെബ് &.ന്യ മീഡിയ (ഐർപി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 20-06-2026 16:25:12
സെക്ഷൻ ഓഫീസർ

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്